**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4728** **19-03-2025 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിലായി ജൽജീവൻ മിഷൻ നടത്തി വരുന്ന പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിലെ 10 പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൻ കീഴിൽ കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി 395.19 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതുപ്രകാരം നാദാപുരം മണ്ഡലത്തിലെ ജൽ ജീവൻ മിഷന്റെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി **<u>അനുബന്ധമായി</u>** ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | നാദാപുരം മണ്ഡലത്തിലെ തൂണേരി, വാണിമേൽ, വളയം, നാദാപുരം, കായക്കൊടി, നരിപ്പറ്റ എന്നീ പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നത് നിലവിലുള്ള കുന്നുമ്മലും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതിയുടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും നിലവിലുള്ള ടാങ്കുകൾ വഴിയാണ് ജലവിതരണം നടത്തിവരുന്നത്. മരുതോങ്കര, കാവിലുംപാറ പഞ്ചായത്തുകളിലെ ടാങ്കുകൾ നിർമ്മിക്കാനുള്ള പ്രവൃത്തികളുടെ ടെണ്ടർ നിരവധി തവണ വിളിച്ചെങ്കിലും ഓഫർ ലഭ്യമായിട്ടില്ല. മരുതോങ്കര, കാവിലുംപാറ പഞ്ചായത്തുകളിൽ ജലവിതരണം നടത്തേണ്ടുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പെരുവണ്ണാമൂഴിയിൽ ആണ്. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പെരുവണ്ണാമൂഴിയിൽ നിന്നും മരുതോങ്കര ബൂസ്റ്റർ സ്റ്റേഷനിലേക്കുള്ള ട്രാൻസ്മിഷൻ പൈപ്പ് ലൈൻ, മരുതോങ്കര ടാങ്കിൽ നിന്നും കാവിലുംപാറ ടാങ്കിലേക്കുള്ള ട്രാൻസ്മിഷൻ പൈപ്പ് ലൈൻ എന്നിവയുടെ പ്രവൃത്തികളും നിരവധി തവണ ടെണ്ടർ ചെയ്തുവെങ്കിലും ഓഫർ ലഭ്യമായിട്ടില്ല.<br><br>എടച്ചേരി പഞ്ചായത്തിൽ ജലവിതരണം നടത്തേണ്ടത് ഏറാമലയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നാണ്. ഈ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ശുദ്ധീകരണ ശാലയുടെയും പ്രധാന പൈപ്പ് ലൈനുകളുടെയും പ്രവൃത്തികൾ നടന്നുവരുന്നു.<br><br>എടച്ചേരി പഞ്ചായത്തിൽ ജലവിതരണം നടത്തേണ്ടുന്ന ജലസംഭരണി നിലവിലുള്ള ടാങ്ക് പൊളിച്ച് മാറ്റി നിർമിക്കാനാണ് വിഭാവനം ചെയ്തത്. എന്നാൽ പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമിക്കാനുള്ള സ്ഥലം ഇതേവരെ ലഭ്യമായിട്ടില്ല. നിരവധി തവണ പഞ്ചായത്ത് തലത്തിൽ യോഗങ്ങൾ ചേർന്നെങ്കിലും സ്ഥലം ലഭ്യമായിട്ടില്ല.<br><br>നരിപ്പറ്റ പഞ്ചായത്തിലെ തിനൂർ വില്ലേജിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിച്ചെങ്കിലും വിലങ്ങാട് ഉരുൾ പൊട്ടൽ മൂലം വീണ്ടും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കുന്നുമ്മൽ പഞ്ചായത്തിലേക്കും സമീപ പഞ്ചായത്തിലേക്കു മുള്ള കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 27 MLD ജല ശുദ്ധീകരണ ശാലയിൽ നിന്നുമാണ് ചെക്യാട് പഞ്ചായത്തിലേക്ക് ജലവിതരണം നടത്തുന്നത്. ചെക്യാട് പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന 12.5 LL ടാങ്കിന്റെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീട്ടുകൾ | JJM ന മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|---|---|---|
| ചെക്യാട് | 5789 | 431 | 6816 | 5483.60 | 138 | 569 | 5220 | പ്രവൃത്തികൾ നടന്നുവരുന്നു. |
| എടച്ചേരി | 7046 | 1903 | 5143 | 5185.81 | 70 | 1973 | 5073 | ശുദ്ധീകരണ ശാല, പ്രധാന പൈപ്പ് ലൈൻ, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. |
| കാവിലുംപാറ | 5782 | 1324 | 4458 | 5373.20 | 2 | 1326 | 4456 | ശുദ്ധീകരണ ശാല, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. ടാങ്ക് പ്രധാന പൈപ്പ് ലൈൻ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. |
| കായക്കൊടി | 5627 | 1047 | 4580 | 1889.68 | 2810 | 3857 | 1770 | ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു |
| മരുതോങ്കര | 4730 | 1213 | 3517 | 4776.80 | 0 | 1213 | 3517 | ശുദ്ധീകരണ ശാല, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. ടാങ്ക് പ്രധാന പൈപ്പ് ലൈൻ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നാദാപുരം | 9959 | 1483 | 8476 | 4141.20 | 3034 | 4517 | 5442 | ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു |
| നരിപ്പറ്റ | 6206 | 453 | 5753 | 4122.64 | 3946 | 4399 | 1807 | ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു. തിനൂർ വില്ലേജിലേക്കുള്ള പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും വിലങ്ങാട് ഉരുൾ പൊട്ടൽ മൂലം പ്രവൃത്തി നിർത്തിവെച്ചു |
| തൂണേരി | 5627 | 957 | 4670 | 3102.41 | 1827 | 2784 | 2843 | ബാക്കി വിതരണ ശൃംഖല സ്ഥാപിക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു |
| വളയം | 4912 | 305 | 4607 | 2522.30 | 2711 | 3016 | 1896 | ബാക്കി വിതരണ ശൃംഖല സ്ഥാപിക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. |
| വാണിമേൽ | 6501 | 900 | 5601 | 2921.45 | 3063 | 3963 | 2538 | ബാക്കി വിതരണ ശൃംഖല സ്ഥാപിക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. |
| ആകെ | 62179 | 10016 | 53621 | 39519.09 | 17601 | 27617 | 34562 | |